(ബി) ഈ ജോലി ഏറ്റെടുക്കുന്നതുമൂലമുള്ള ജലസേചന നേട്ടങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

അഴീക്കോട്-നീർക്കടവ് പ്രദേശത്തെ കടൽഭിത്തി നിർമ്മാണം

114 (711) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതബാധിത പ്രദേശമായ അഴീക്കോട്-നീർക്കടവ് പ്രദേശത്തെ കടൽഭിത്തി നിർമ്മാണം പൂർത്തിയായിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഭാഗത്തെ ഭിത്തി നിർമ്മാണം പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കടൽ ഭിത്തി നിർമ്മാണം പൂർത്തിയാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സുനാമി ദുരിത ബാധിത പ്രദേശമായ അഴീക്കോട് - നീർക്കടവ് പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിന് 12-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 235 മീറ്ററിനും രണ്ടാം ഘട്ടത്തിൽ 200 മീറ്ററിനും അനുമതി നൽകിയിരുന്നു. ഒന്നാം ഘട്ടത്തിൽ 235 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിന് ടെണ്ടർ ചെയ്തെങ്കിലും കോൺട്രാക്ടർ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ തയ്യാറായില്ല. അതു കാരണം 2009-ലെ നിരക്കിൽ എസ്റ്റിമേറ്റ് പരിഷ്ക്കരിച്ചെങ്കിലും ഫണ്ടിന്റെ അഭാവം കാരണം പ്രവൃത്തി ഏറ്റെടുത്തു നടത്താൻ കഴിഞ്ഞില്ല. രണ്ടാം ഘട്ടത്തിൽ 200 മീറ്റർ കടൽഭിത്തി നിർമ്മിക്കുവാനാണ് അനുമതിയെങ്കിലും നിരക്കുകൾ പരിഷ്ക്കരിച്ചതുകാരണം 173 മീറ്റർ നീളത്തിൽ മാത്രമെ കടൽഭിത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളൂ.

(സി & ഡി) 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ 173 മീറ്റർ കഴിച്ച് ബാക്കിയുള്ള 412 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ എമ്പവേഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly